2024 AUGUST
17
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ദേശീയ ചലച്ചിത്ര പുരസ്കാരം: ഋഷഭ് നടൻ; നിത്യയും മാനസിയും നടിമാർ

**ന്യൂഡൽഹി :** 2022ലെ, എഴുപതാമത് ദേശീയ ചലച്ചിത്ര പുരസ്കാരത്തിൽ മലയാള സിനിമ നിറഞ്ഞാടി. ആനന്ദ് ഏകർഷി സംവിധാനം ചെയ്ത ആട്ടം മികച്ച ചിത്രമായി. മികച്ച നടനായി ഋഷഭ് ഷെട്ടി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ തമിഴിലെ തിരുചിത്രമ്പലത്തിലെ അഭിനയത്തിന് മലയാളിയായ നിത്യ മേനോനും, കച്ച് എക്സ്പ്രസിലെ (ഗുജറാത്തി) പ്രകടനത്തിന് മാനസി പരേഖും മികച്ച നടിക്കുള്ള പുരസ്കാരം പങ്കിട്ടു. ഊൻചായി എന്ന ഹിന്ദി ചിത്രത്തിന്റെ സംവിധായകൻ സൂരജ് ആർ. ബർജാത്യ ആണ് മികച്ച സംവിധായകൻ. മികച്ച തിരക്കഥയ്ക്കും (ആനന്ദ് ഏകർഷി), എഡിറ്റിംഗിനും (എഡിറ്റർ മഹേഷ് ഭുവനേന്ദ്) അവാർഡ് ലഭിച്ചതോടെ ആകെ മൂന്ന് പുരസ്കാരങ്ങളാണ് ആട്ടത്തിന് ലഭിച്ചത്. ആട്ടത്തിനൊപ്പം ഹിന്ദിചിത്രം ഗുൽമോഹറും തിരക്കഥയ്ക്കുള്ള പുരസ്കാരം പങ്കിട്ടു.തരുൺ മൂർത്തി സംവിധാനം നിർവഹിച്ച സൗദി വെള്ളക്കയാണ് മികച്ച മലയാള ചിത്രം. ഈസിനിമയിലെ 'ചായും വെയിൽ' ഗാനം പാടിയ ബോംബെ ജയശ്രീയാണ് മികച്ച ഗായിക. മാളികപ്പുറത്തിലെ അഭിനയത്തിലൂടെ ശ്രീപദ് മികച്ച ബാലതാരമായി. കാഥികൻ സിനിമയുടെ സംഗീത സംവിധായകൻ സൻജോയ് സലീൽ ചൗധരിക്ക് പ്രത്യേക ജൂറി പരാമർശം ലഭിച്ചു. സലീൽ ചൗധരിയുടെ മകനാണ്. ജോഷി ബെനഡിക്ട് സംവിധാനം ചെയ്ത എ കോക്കനട്ട് ട്രീക്കാണ് നോൺഫീച്ചർ വിഭാഗത്തിലെ മികച്ച അനിമേഷൻ ചിത്രമെന്ന ബഹുമതി.



## നിയമസഭാ തിരഞ്ഞെടുപ്പ്: ജമ്മുകശ്മീരിൽ 3 ഘട്ടം, ഹരിയാനയിൽ ഒറ്റഘട്ടം, വോട്ടെണ്ണൽ ഒക്ടോബർ 4 ന്

**ന്യൂഡൽഹി:** ജമ്മു കശ്മീരിലെയും ഹരിയാനയിലെയും നിയമസഭാ തിരഞ്ഞെടുപ്പു തീയതികൾ പ്രഖ്യാപിച്ചു. ജമ്മു കശ്മീരിൽ മൂന്നു ഘട്ടമായാണു തിരഞ്ഞെടുപ്പ്. ആദ്യഘട്ടം സെപ്റ്റംബർ 18ന്. സെപ്റ്റംബർ 25നാണു രണ്ടാം ഘട്ടം. ഒക്ടോബർ 1നു മൂന്നാംഘട്ട തിരഞ്ഞെടുപ്പും നടക്കും. ഒക്ടോബർ 4നാണു വോട്ടെണ്ണൽ.



ഹരിയാനയിൽ ഒറ്റഘട്ടമായാണു വോട്ടെടുപ്പ്. ഒക്ടോബർ 1ന് ഹരിയാന പോളിങ് ബൂത്തിലെത്തും. വോട്ടെണ്ണൽ ഒക്ടോബർ 4ന്. മഹാരാഷ്ട്ര, ജാർഖണ്ഡ് എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പു തീയതി പ്രഖ്യാപിക്കുമെന്നു കരുതിയെങ്കിലും പ്രഖ്യാപിച്ചില്ല. കേരളത്തിലെ ഉപതിരഞ്ഞെടുപ്പ് തീയതിയും പ്രഖ്യാപിച്ചിട്ടില്ല.

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിയിരുന്നു. രാഹുൽഗാന്ധി വയനാട് ലോക്സഭാ സീറ്റ് ഒഴിഞ്ഞതിനെ തുടർന്നാണു തിരഞ്ഞെടുപ്പു വേണ്ടിവരുന്നത്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ പാലക്കാട് ജില്ലയിലെ ആലത്തൂരിൽനിന്ന് കെ.രാധാകൃഷ്ണൻ ജയിച്ചതോടെ ചേലക്കര നിയമസഭാ മണ്ഡലത്തിലും ഉപതിരഞ്ഞെടുപ്പു നടക്കും. ഇതിനോടൊപ്പം പാലക്കാട് മണ്ഡലത്തിലും ഉപതിരഞ്ഞെടുപ്പ് നടക്കും. ഷാഫി പറമ്പിൽ എംഎൽഎ വടകരയിൽനിന്ന് ലോക്സഭയിലേക്ക് വിജയിച്ചതോടെയാണ് പാലക്കാട് ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്.

## സംസ്ഥാന ചലച്ചിത്ര പുരസ്കാരം : പൃഥ്വിരാജ് മികച്ച നടൻ, ഉർവശിയും ബീനയും നടിമാർ, ബ്ലെസി സംവിധായകൻ

**തിരുവനന്തപുരം:** നജീബിന്റെ കണ്ണീർക്കടലായ പ്രവാസ ജീവിതം ഒപ്പിയെടുത്ത 'ആടുജീവിതത്തി'ലെ അഭിനയത്തിന് പൃഥ്വിരാജിന് മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം. ഇതേ സിനിമയിലൂടെ ബ്ലസി മികച്ച സംവിധായകനുമായി. 'ഉള്ളൊഴുക്കി'ലെ ലീലാമ്മയിലൂടെ ഉർവശിയും, 'തടവി'ലെ ഗീതയിലൂടെ ബീന ആർ. ചന്ദ്രനും മികച്ച നടിക്കുള്ള പുരസ്കാരം പങ്കിട്ടു.മമ്മൂട്ടി നിർമ്മിച്ച് ജിയോ ബേബി സംവിധാനം ചെയ്ത 'കാതൽ ദി കോർ' കഴിഞ്ഞ വർഷത്തെ മികച്ച സിനിമ. മികച്ച ചിത്രത്തിന്റെ നിർമ്മാതാവിനും സംവിധായകനും രണ്ട് ലക്ഷം രൂപവീതവും ശില്പവും പ്രശസ്തിപത്രവും ലഭിക്കും.



മികച്ച സംവിധായനും ഇതേ തുക ലഭിക്കും. നടനും നടിക്കും ഒരു ലക്ഷം രൂപവീതം ലഭിക്കും. മികച്ച നടൻ, സംവിധായകൻ, ജനപ്രീതിയും കലാമേന്മയുമുള്ള ചിത്രം എന്നിവയുൾപ്പെടെ ഒമ്പത് അവാർഡ് 'ആടുജീവിതം' നേടി. മന്ത്രി സജി ചെറിയാനാണ് 54ാമത് സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചത്.

## രാഹുലിന്റെ ഇന്ത്യൻ പൗരത്വം റദ്ദാക്കാൻ ആവശ്യപ്പെട്ട് സുബ്രഹ്മണ്യം സ്വാമി ഹൈക്കോടതിയിൽ

**ന്യൂഡൽഹി:** പ്രതിപക്ഷ നേതാവ് രാഹുലിന്റെ ഇന്ത്യൻ പൗരത്വം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബിജെപി നേതാവ് സുബ്രഹ്മണ്യം സ്വാമി ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. യുകെയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബാക്കോപ്സ് ലിമിറ്റഡ് കമ്പനിയുടെ ഡയറക്റ്റർമാരിലും സെക്രട്ടറിമാരിലും ഒരാളാണ് രാഹുൽ. കമ്പനിയുടെ വാർഷിക റിട്ടേണുകളിൽ ഒന്നിൽ രാഹുലിനെ ബ്രിട്ടിഷ് പൗരനായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കോപ്സിൻറെ പിരിച്ചുവിടൽ അപേക്ഷയിലും രാഹുലിനെ ബ്രിട്ടിഷ് പൗരൻ എന്നു പരാമർശിച്ചിട്ടുണ്ട്.ഇന്ത്യൻ ഭരണഘടന അനുസരിച്ച് പൗരത്വ നിയമത്തിൻറെ ലംഘനമാണെന്ന് ആരോപിച്ച് ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് സുബ്രഹ്മണ്യം സ്വാമി 2019ൽ ആഭ്യന്തര മന്ത്രാലയത്തിന് കത്തെഴുതിയിരുന്നു. ഇതു പരിഗണിച്ച് ആഭ്യന്തര മന്ത്രാലയം രാഹുലിനോട് മറുപടിയും തേടിയിരുന്നു.



അഞ്ച് വർഷം കഴിഞ്ഞിട്ടും വിഷയത്തിൽ വ്യക്തതയില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സുബ്രഹ്മണ്യം സ്വാമി ഇപ്പോൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

## 10 വർഷം; തോമസിന്റെ ഹൃദയം ശിവനിൽ മിടിക്കുന്നു

**കൊച്ചി:**തോമസ് വർഗീസിൻറെ ഹൃദയം ശിവനിൽ മിടിക്കുവാൻ തുടങ്ങിയിട്ട് പത്ത് വർഷം പൂർത്തിയായി. ലോട്ടറി വിൽപ്പനക്കാരനായ ശിവൻറെ സന്തോഷത്തിൽ പങ്ക് ചേരാൻ മന്ത്രി കെ. എൻ. ബാലഗോപാൽ ലിസി ആശുപത്രിയിൽ എത്തിച്ചേർന്നു.

പെരുമ്പാവൂർ പടിക്കൽപ്പാറ സ്വദേശിയായ ശിവന് ഹൃദയം ക്രമാതീതമായി വികസിക്കുന്ന ഡൈലേറ്റഡ് കാർഡിയോ മയോപതി എന്ന അസുഖമായിരുന്നു. തടർന്നാണ് ലിസി ആശുപത്രിയിൽ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിനെ കാണുവാൻ എത്തുന്നത്. ശിവനെ പരിശോധനകൾക്ക് വിധേയനാക്കിയ ഡോക്ടർ ഹൃദയം മാറ്റിവെയ്ക്കലാണ് ഏകപോംവഴി എന്ന് നിർദ്ദേശിക്കുകയിരുന്നു. പിന്നീട് സംസ്ഥാന സർക്കാർ സംവിധാനമായ കെ. സോട്ടോയിൽ പേര് രജിസ്റ്റർ ചെയ്തു. മസ്തിഷ്ക മരണം സംഭവിച്ച ഇടുക്കി സ്വദേശി തോമസ് വർഗീസിൻറെ (38) ഹൃദയം ഉൾപ്പെടെയുള്ള അവയവങ്ങൾ ദാനം ചെയ്യുവാൻ ബന്ധുക്കൾ തീരുമാനിച്ചതിനെ തുടർന്ന് കെ. സോട്ടോയിൽ നിന്നും ലിസി ആശുപത്രിയിൽ അറിയിപ്പ് ലഭിക്കുകയും ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിൻറെ നേതൃത്വത്തിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുകയുമായിരുന്നു. 10 വർഷം മുമ്പ് തൻറെ 45 ാം വയസിലാണ് ശിവൻ ഹൃദയം മറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനാകുന്നത്. ശസത്രക്രിയക്ക് ശേഷം വൈകാതെ തന്നെ സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയ ശിവൻ ഉപജീവനത്തിനായി ഇപ്പോൾ ലോട്ടറി കച്ചവടം നടത്തുകയാണ്.


ശിവൻ കൊച്ചുമകൻ കാശിയിൽ നിന്നും മധുരം സ്വീകരിക്കുന്നു.

ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർമാരയ ഫാ.റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, അസി.ഡയറക്ടർമാരായ ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ചികിൽസക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ എന്നിവർ ഉൾപ്പെടെ നിരവധി പേർ ചടങ്ങിന് എത്തിയിരുന്നു.

അഡ്മിഷൻ തുടരുന്നു...

2024-2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# വടുതല ലോഡ്സ് കോട്ടേജ് പ്രദേശത്ത് ടാങ്കറിൽ ശുദ്ധജലമെത്തിക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** വടുതല ലോഡ്സ് കോട്ടേജ് റസിഡൻസ് അസോസിയേഷനിൽ ഉൾപ്പെടുന്ന 70 ഓളം വീടുകളിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് വരെ ടാങ്കർ ലോറികളിൽ ശുദ്ധജലമെത്തിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ജലഅതോറിറ്റി കൊച്ചി പി.എച്ച് ഡിവിഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചി നഗരസഭ സെക്രട്ടറി എന്നിവർ 15 ദിവസത്തിനകം നടപടിയെടുത്ത ശേഷം സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകി.ജനസേവനത്തിൽ സുപ്രധാന സ്ഥാനമുള്ള ജല അതോറിറ്റി ശുദ്ധജല വിതരണത്തിൽ അനാസ്ഥയും കാലതാമസവും കാണിക്കരുതെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ശുദ്ധജലം ലഭിക്കുക എന്നത് ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ട മനുഷ്യാവകാശമാണെന്നും ഉത്തരവിൽ പറയുന്നു.പച്ചാളം, വടുതല ഭാഗത്തെ പഴയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇത് നടപ്പിലാവുന്നുതോടെ പ്രദേശത്തുള്ള ശുദ്ധജല ദൗർലഭ്യം പരിഹരിക്കാൻ കഴിയുമെന്നും ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു. ഈ പ്രവൃത്തി ടെന്റർ ചെയ്തതായി റിപ്പോർട്ടിൽ പറയുന്നു. പൈപ്പ് ലൈനിലെ വായുതടസ്സം നീക്കിയിട്ടുള്ളതിനാൽ പഴയതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ കുടിവെള്ളം ലഭിക്കുമെന്നും റിപ്പോർട്ടിലുണ്ട്.

കമ്മീഷൻ കേസ് പരിഗണിച്ച 2024 ജൂൺ 20 മുതൽ ജൂലൈ 4 വരെയുള്ള ദിവസങ്ങളിൽ കുടിവെള്ളം ലഭിച്ചിരുന്നുവെന്നും ജൂലൈ 5 മുതൽ വെള്ളം കിട്ടാതെയെന്നും പരാതിക്കാർ കമ്മീഷനെ അറിയിച്ചു. കമ്മീഷൻ കേസ് പരിഗണിക്കുന്ന തീയതി വരെ വെള്ളം ലഭിക്കുകയും അതിന് ശേഷം വെള്ളം ഇല്ലാതാകുകയും ചെയ്ത സംഭവത്തിൽ ജലഅതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വൈരാഗ്യബുദ്ധിയോടെയുള്ള പ്രവൃത്തി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.12,00,000 രൂപ കോട്ടേജ് നിവാസികൾ മുടക്കിയാൽ ആഗ്ലോ ഇന്ത്യൻ സ്കൂൾ റോഡിലൂടെ 150 എം.എം വ്യാസമുള്ള പൈപ്പ് സ്ഥാപിച്ച് പരാതികാർക്ക് മാത്രമായി ജലം നൽകാമെന്ന ജലഅതോറിറ്റിയുടെ വാദം കമ്മീഷൻ തള്ളി. ജല ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം നൽകേണ്ട ഉത്തരവാദിത്തം ജല അതോറിറ്റിക്കുണ്ടെന്നും കമ്മീഷൻ ചൂണ്ടിക്കാണിച്ചു. പൈപ്പ് മാറ്റുന്ന നടപടികളിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ലോർഡ്സ് കോട്ടേജ് റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് വി.കെ ഷീബ സമർപ്പിച്ച പരാതിയിലാണ് നടപടി.

# വയനാട് ദുരന്തം: മുത്തൂറ്റ് ഫിനാൻസ് 50 വീടുകൾ നിർമിച്ചു നൽകും

**കൊച്ചി:** വയനാടിന് പൂർണ്ണ പിന്തുണയുമായി മുത്തൂറ്റ് ഫിനാൻസ് ഉരുൾപ്പൊട്ടലിനെ അതിജീവിച്ചവർക്ക് 50 പുതിയ വീടുകൾ നിർമിച്ചു നൽകുമെന്ന് മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർ മേധാവി ബാബു ജോൺ മലയിൽ, മുത്തൂറ്റ് ഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് മാനേജർ കെ എസ് സിമി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പ്രകൃതി ദുരന്തങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സുരക്ഷിതമായ വീടുകൾ ഒരുക്കുന്നതിനുള്ള ദീർഘകാല പ്രതിബദ്ധതയായ മുത്തൂറ്റ് ആഷിയാന പദ്ധതിയുടെ ഭാഗമായിട്ടായിരിക്കും ഈ സംരംഭവും.ദുരിതങ്ങളെ അതിജീവിച്ചവർക്ക് അവരുടെ ജീവിതം മികച്ച രീതിയിൽ പുനർനിർമ്മിക്കാൻ സഹായിക്കുന്നതാണ് മുത്തൂറ്റ് ആഷിയാന പദ്ധതിയെന്നും തങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരാൻ പ്രതിജ്ഞാബദ്ധരാണെന്നും ദുരിതബാധിത പ്രദേശങ്ങളിൽ ആശ്വാസം പകരാൻ അക്ഷീണം പ്രയത്നിച്ച സർക്കാർ ഉദ്യോഗസ്ഥർ, സായുധ സേന, സന്നദ്ധപ്രവർത്തകർ എന്നിവരോട് ആത്മാർത്ഥമായി നന്ദി പറയുന്നുവെന്നും മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.







# വാക്സിനേഷൻ: ദുർബല വിഭാഗങ്ങൾക്കിടയിൽ അനിവാര്യം: ഗവർണർ

**തിരുവനന്തപുരം:** സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കിടയിൽ വാക്സിനേഷനു വേണ്ടിയുള്ള ബോധവൽക്കരണം അനിവാര്യമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള, യുഎഇ യൂണിവേഴ്സിറ്റി പീഡിയാട്രിക്സ് ആൻഡ് പീഡിയാട്രിക് ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം പ്രൊഫസർ എമിരിറ്റസ് ഡോ. സയീന ഉദുമാനുമായി ചേർന്ന് എഴുതിയ 'വേൾഡ് ഓഫ് വാക്സിനോളജി 2024' എന്ന പുസ്തകം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈദ്യശാസ്ത്ര മേഖലയിലെ വിദഗ്ധർക്കും വിദ്യാർത്ഥികൾക്കും മാത്രമല്ല സാധാരണക്കാർക്കും വാക്സിനുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ അറിവ് നേടാൻ 'വേൾഡ് ഓഫ് വാക്സിനോളജി 2024' സഹായകരമാകുമെന്ന് ഗവർണർ പറഞ്ഞു. കോവിഡ് വാക്സിനേഷൻ ഘട്ടത്തിൽ ഉൾപ്പെടെ കിംസ്ഹെൽത്ത് നടത്തിയ ഇടപെടലുകൾ പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സമൂഹത്തിൽ കൂടുതൽ സംവാദങ്ങൾക്ക് വഴിയൊരുക്കുന്ന പുതിയ കാലഘട്ടത്തിൽ, മനുഷ്യന്റെ ആയുരാരോഗ്യം വാക്സിനേഷനുമായി ബന്ധപ്പെട്ടിരിക്കുകയാണെന്ന് കൂടുതൽ വ്യക്തമാവുകയാണെന്ന് ഡോ. എം.ഐ സഹദുള്ള അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കിംസ്ഹെൽത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ.എം നജീബ്, ഡോ. സയീന ഉദുമാൻ,കിംസ്ഹെൽത്ത് വൈസ്ചെയർമാൻ ഡോ. ജി. വിജയരാഘവൻ പറഞ്ഞു. ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം കൺസൾട്ടന്റ് ഡോ. മുഹമ്മദ് നിയാസ് ,സീനിയർ കൺസൾട്ടന്റ് ഡോ. എ. രാജലക്ഷ്മി സംസാരിച്ചു.

# കരൾരോഗ ഗവേഷണം: അമൃത ആശുപത്രിക്ക് പുരസ്കാരം

**കൊച്ചി :** ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ സ്റ്റഡി ഓഫ് ദി ലിവറിന്റെ 32 ാമത് ശാസ്ത്ര സമ്മേളനത്തിൽ അമൃത ആശുപത്രിയിലെ ഹെപ്പറ്റോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. അരുൺ വത്സൻ അവതരിപ്പിച്ച പ്രബന്ധത്തിനാണ് മികച്ച ഗവേഷണത്തിനുള്ള പുരസ്കാരം ലഭിച്ചത്.'ഷേപ്പിങ് ദി ഫ്യൂറ്റർ ഓഫ് ഹെപ്പറ്റോളജി' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ അവതരിപ്പിച്ച 1400ൽപരം ഗവേഷണ പ്രബന്ധങ്ങളിൽ നിന്നാണ് പുരസ്കാരാർഹമായ പഠനം തിരഞ്ഞെടുക്കപ്പെട്ടത്. ഗുരുതരമായ കരൾരോഗമുള്ളവരിൽ രക്തത്തിലെ സോഡിയത്തിന്റെ അളവ് കുറയുന്നതിനാൽ സംഭവിക്കാവുന്ന സങ്കീർണ്ണതകളെപറ്റിയും ശരീരത്തിലെ ജലാംശം ക്രമീകരിക്കാൻ ഉപയോഗിക്കുന്ന മരുന്നുകളെ അത്തരം ഘട്ടത്തിൽ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ചുമാണ് ഡോക്ടർമാരുടെ സംഘം ഗവേഷണം നടത്തിയത്. 2019 ഓഗസ്റ്റ് മുതൽ 2023 ജൂലൈ വരെ അമൃതയിൽ നടന്ന പഠനത്തിൽ ഡോ. സുബൈർ ഉമർ മുഹമ്മദിന്റെ ഗവേഷണ നേതൃത്വത്തിൽ ഡോ. അരുൺ വത്സൻ, അന്ന പോൾ, ഡോ. ജോർജ് മലയിൽ, ഡോ. എസ്. സുധീന്ദ്രൻ, ഡോ. ഉണ്ണികൃഷ്ണൻ .ജി, ഡോ. ദിനേശ് ബാലകൃഷ്ണൻ, ഡോ. അനൂപ് കോശി, ഡോ. ലക്ഷ്മി കുമാർ, സായി ബാല, ഡോ. നിപുൺ വർമ്മ എന്നിവരും പങ്കാളികളായി.

## ഉദ്ഘാടനം ചെയ്തു

**കൊച്ചി:** എറണാകുളം ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കൊച്ചി നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതിയിൽ നിന്നും 1 കോടി 40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച ലാബുകളുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു. കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം.എൽ.എ ടി.ജെ വിനോദ്, ഡെപ്യൂട്ടി മേയർ കെ.എ അൻസിയ എന്നിവർ മുഖ്യാതിഥികളായി. വിദ്യാഭ്യാസ കായിക കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്ത് പദ്ധതി വിശദീകരണം നടത്തി. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.ആർ റെനീഷ്, ഷീബാ ലാൽ, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ ദിപിൻ ദിലീപ്, ഗേൾസ് സ്കൂൾ എച്ച്.എം. ഡയാനാ കുര്യൻ പി.റ്റി.എ പ്രസിഡൻറ് ഷിബു ചാക്കോ ,ഡിവിഷൻ കൗൺസിലർ പത്മജ എസ്.മേനോൻ സ്കൂൾ പ്രിൻസിപ്പാൾ മിനി റാം സംസാരിച്ചു.

# ഗൗതം സോളാർ സാന്നിധ്യം ശക്തമാക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ പുനരുപയോഗ ഊർജ്ജ മേഖലയിലെ പ്രമുഖരായ ഗൗതം സോളാർ, കർണാടകയിലെയും കേരളത്തിലെയും രണ്ട് അത്യാധുനിക വെയർഹൗസുകളിൽ നിന്ന് ടോപ്കോൺ സോളാർ മൊഡ്യൂളുകൾ അവതരിപ്പിക്കുന്നതിലൂടെ ദക്ഷിണേന്ത്യയിലെ ഒന്നിലധികം സാധ്യതയുള്ള കേന്ദ്രങ്ങൾ അവതരിപ്പിക്കാൻ തയ്യാറാകുന്നു.

കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും ഉയർന്ന നിലവാരമുള്ള സോളാർ പാനലുകളുടെ കാര്യക്ഷമമായ വിതരണവും ലഭ്യതയും സുഗമമാക്കുന്നതിനാണ് രണ്ട് നൂതന വെയർഹൗസുകൾ സ്ഥാപിക്കുന്നത്.

പ്രോജക്റ്റ് ഡവലപ്പർമാർ, ഇപിസി കമ്പനികൾ, മേഖലയിലെ സിസ്റ്റം ഇന്റഗ്രേറ്റർമാർ എന്നിവർക്കായി പുതുതായി അവതരിപ്പിച്ച ടോപ്കോൺ സോളാർ മൊഡ്യൂളുകളിലേക്ക് വേഗത്തിൽ പ്രവേശനം നൽകുന്നതിനാൽ ദക്ഷിണേന്ത്യയിലെ കമ്പനിയുടെ സംരംഭങ്ങൾ പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ദക്ഷിണേന്ത്യൻ വിപണിയിലേക്കുള്ള ഞങ്ങളുടെ പ്രവേശനം ഞങ്ങളുടെ കമ്പനിയെ സംബന്ധിച്ചിടത്തോളം സുപ്രധാന നാഴികക്കല്ലാണെന്ന് ഗൗതം സോളാർ സിഇഒ ഗൗതം മോഹങ്ക പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുമ്പോൾ മാത്രമേ ജനാധിപത്യം കാര്യക്ഷമമാകുകയുള്ളുവെന്ന് മന്ത്രി പി. രാജീവ്

**കൊച്ചി:** ന്യൂനപക്ഷാവകാശങ്ങൾ എത്രമാത്രം സംരക്ഷിക്കപ്പെടുന്നു എന്നതാണ് ജനാധിപത്യത്തിന്റെ കാര്യക്ഷമതയുടെ അളവുകോൽ എന്ന് മന്ത്രി പി. രാജീവ്. കാക്കനാട് സിവിൽ സ്റ്റേഷ9 പരേഡ് ഗ്രൗണ്ടിൽ 78 ാമത് ജില്ലാതല സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിയ ദേശീയ പതാക ഉയ4ത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

ന്യൂനപക്ഷങ്ങൾ ഭീതിയില്ലാതെ ജീവിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കണം. ഇന്ത്യയിലായാലും ബംഗ്ലാദേശിലായാലും അമേരിക്കയിലായാലും ഇങ്ങനെ തന്നെ. ഇത് എല്ലാ ജനാധിപത്യ രാജ്യങ്ങളിലും പ്രസക്തമാണ് എന്നത് ഈ ഘട്ടത്തിൽ എടുത്തുപറയേണ്ടതാണ്. നമ്മുടെ ജനാധിപത്യവും മതേതരത്വവും ഫെഡറലിസവും പ്രധാനമാണ്. ഇന്ത്യയുടെ സൗന്ദര്യം വിവിധ സംസ്ഥാനങ്ങളുമായി ചേരുന്നതാണ്. അതുകൊണ്ടാണ് യൂണിയൻ ഓഫ് ഇന്ത്യ എന്നു വിളിക്കുന്നത്. ഇന്ത്യയുടെ ആശയത്തിന് കരുത്ത് പകരുന്നത് ഓരോ സംസ്ഥാനങ്ങളുടെയും ആവേശഭരിതമായ ഇടപെടലുകളാണെന്ന് മന്ത്രി പറഞ്ഞു.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ച രാജ്യസ്നേഹികളുടെയും കേരളം അഭിമുഖീകരിച്ചതിൽ വെച്ചേറ്റവും വലിയ പ്രകൃതി ദുരന്തത്തിൽ ജീവ9 നഷ്ടമായ സഹോദരങ്ങളുടെയും ഓ4മ്മകൾക്ക് ഓർമ്മകൾക്ക് മുന്നിൽ ശിരസ് നമിച്ചാണ് രാജീവ് സ്വാതന്ത്ര്യദിന പ്രസംഗം തുടങ്ങിയത്.

നമ്മുടെ സ്വാതന്ത്ര്യം ദൈർഘ്യമേറിയ ഒരു പോരാട്ടത്തിന്റെ ഉത്പന്നമാണ്. സ്വാതന്ത്ര്യം തന്നെ അമൃതം സ്വാതന്ത്ര്യം തന്നെ ജീവിതം പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്ന കവി വാക്യം ഉൾക്കൊണ്ടു തന്നെ വ്യത്യസ്തമായ ഭാഷ, മതം, ജാതി, രാഷ്ട്രീയം എന്നിവയുള്ളവർ ഒരേ കാഴ്ചപ്പാടോടെ വിവിധ തലങ്ങളിൽ നടത്തിയ പോരാട്ടങ്ങളാണ് നമ്മുടെ രാജ്യത്തെ സ്വതന്ത്രമാക്കിയത്. ആ സ്വതന്ത്ര്യം ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സോഷ്യലിസത്തിന്റെയും ആമുഖത്താൽ അടയാളപ്പെടുത്തിയ ഭരണഘടനയുടെ രൂപീകരണത്തിലേക്ക് നയിച്ചു. സ്വാതന്ത്ര്യം ലഭിച്ചതോടെ ഇന്ത്യ എന്ന ആശയം ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകേണ്ട ഉത്തരവാദിത്തം നമ്മളുടേതായി.

ഏകമുഖമല്ല, ബഹുമുഖമാണ് ഇന്ത്യ എന്ന ആശയത്തിന്റെ മുഖം. അതിന്റെ സംഗീതം ഏകസ്വരമല്ല, ബഹുസ്വരമാണ്. അതിന്റെ സൗന്ദര്യം വൈവിധ്യമാണ്. നാനാത്വത്തിൽ ഏകത്വമാണ്. അതിന്റെ പല മാനങ്ങൾ ജനാധിപത്യത്തിലും മതനിരപേക്ഷതയിലും ഫെഡറലിസത്തിലും അടിസ്ഥാന തത്വങ്ങളിൽ വിളക്കിച്ചേർത്തിരിക്കുന്നു. ഇവ ഓരോന്നും സംരക്ഷിക്കേണ്ടത് പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ്. രാഷ്ട്രീയ ജനാധിപത്യവും സാമൂഹ്യ ജനാധിപത്യവുമുണ്ട്. ഒരാൾക്ക് ഒരു വോട്ട്, ഒരു വോട്ടിന് ഒരു മൂല്യം എന്നത് രാഷ്ട്രീയ ജനാധിപത്യമാണ്. സ്വാതന്ത്ര്യത്തോടെയുള്ള സമത്വവും സാഹോദര്യത്തോടെയുള്ള സമത്വവും സമത്വത്തോടെയുള്ള സ്വാതന്ത്ര്യവും ചേരുമ്പോഴാണ് സാമൂഹിക ജനാധിപത്യമുണ്ടാകുന്നത്.

കേരളം വലിയൊരു ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന ഘട്ടത്തിലാണ് ഈ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പ്രകൃതി ദുരന്തത്തിന്റെ വലിയ ആഘാതം നേരിട്ടിരിക്കുകയാണ് നമ്മുടെ നാട്. സൈന്യവും ഫയ4 ഫോഴ്സും പോലീസും വനം വകുപ്പും സന്നദ്ധ സംഘടനകളും ജനപ്രതിനിധികളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും ജനങ്ങളുമടക്കം ഒരേ മനസോടെ ഒരേ വികാരത്തോടെ നടത്തിയ രക്ഷാപ്രവ4ത്തനം മലയാളിയുടെ സവിശേഷതയായി ചരിത്രത്തിൽ എക്കാലത്തും രേഖപ്പെടുത്തും. അതേ ഐക്യത്തോടെയും അതേ ഒരുമയോടു കൂടിയും വയനാടിനെ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിലും ഏർപ്പെടേണ്ടതുണ്ട്. അതോടൊപ്പം നവകേരള നി4മ്മിതിയും പ്രധാന ഉത്തരവാദിത്തമാണ്. ഈ വർഷം ഒക്ടോബ4 രണ്ടു മുതൽ മാലിന്യമുക്ത ക്യാംപെയ്ൻ ശക്തമായി മുന്നോട്ട് കൊണ്ട് പോകുകയാണ്. കേരളത്തെ മാലിന്യമുക്തമാക്കേണ്ട ഉത്തരവാദിത്തം നാടാകെ ഏറ്റെടുക്കണം. ലഹരിക്കെതിരായ ക്യാംപെയ്നും കേരളം ജനകീയമായി ഏറ്റെടുത്തിട്ടുണ്ട്. കേരളം ഒരു വൈജ്ഞാനിക സമൂഹത്തിലേക്കും വിജ്ഞാന അധിഷ്ഠിത സമ്പദ് ഘടനയിലേക്കും മുന്നേറുമ്പോൾ അതിന് അനുസൃതമായി വ്യവസായവും വിദ്യാഭ്യാസ സ്ഥാപനങ്ങളും ശക്തിപ്പെടുത്താനുള്ള പ്രവ4ത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രകൃതി, മനുഷ്യ9, വ്യവസായം എന്നതാണ് ഈ കാലഘട്ടത്തിൽ കേരളം മുന്നോട്ട് വെക്കുന്ന കാഴ്ചപ്പാട്. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ നവകേരള നിർമ്മിതിക്ക് മുന്നോട്ട് പോകാനും എന്തിന് വേണ്ടിയാണോ മുൻതലമുറ സ്വാതന്ത്ര്യം പൊരുതി നേടിയെടുത്തത് അതിന്റെ അന്തസത്തയെ, ആശയങ്ങളെ സംരക്ഷിക്കാനും നമുക്ക് കഴിയണം. 1948 ലെ മഹാത്മജിയുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മകളിൽ നിന്ന് മനുഷ്യനെ ഒരേപോലെ കാണുന്ന ചിന്തയ്ക്ക് വേണ്ടിയുള്ള പ്രവ4ത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും രാജീവ് പറഞ്ഞു.

# ഐസിഎസ്ഐയുടെ പുതിയ ബിൽഡിംഗ് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** കേന്ദ്ര കോർപ്പറേറ്റ്കാര്യാ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ കൊച്ചി ചാപ്റ്റർ കെട്ടിടം ഇന്ന് (ആഗസ്റ്റ് 17, ശനി) വൈകിട്ട് അഞ്ച് മണിക്ക് കലൂരിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. തുടർന്ന് കലൂർ റെന ഈവന്റ് ഹബിൽ നടക്കുന്ന ചടങ്ങിൽ ഐ സി എസ് ഐ പ്രസിഡൻറ് വി.നരസിംഹൻ അധ്യക്ഷത വഹിക്കും. സെക്രട്ടറി ആശിഷ് മോഹൻ, വൈസ് പ്രസിഡൻറ് ധനഞ്ജയ് ശുക്ള, ദ്വാരകനാഥ്, മധുസൂദനൻ, കൊച്ചി ചാപ്റ്റർ ചെയർമാൻ നിഖിൽ ജോർജ് പിന്റോ എന്നിവർ പങ്കെടുക്കും.

പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുന്നതോടെ കമ്പനി സെക്രട്ടറിഷിപ്പ് പഠിക്കാൻ ആഗ്രഹിക്കുന്ന ഒട്ടേറെ വിദ്യാർഥികൾക്ക് കുറഞ്ഞ ചെലവിൽ ഈ കോഴ്സിൽ റഗുലർ ക്ലാസ് ലഭ്യമാകും. ഇനി മുതൽ കൊച്ചി ചാപ്റ്ററിൽ റഗുലർ ക്ലാസുകൾക്ക് എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്ക് നൂറു സീറ്റും കോഴ്സിന്റെ ഫൈനൽ ലെവലിലേക്ക് 20 സീറ്റും ഉണ്ടാകും. ആധുനിക സംവിധാനങ്ങളോടെ ഡിജിറ്റൽ ലൈബ്രറിയും വിദ്യാർഥികൾക്ക് പഠന കാര്യങ്ങൾക്ക് സൗജന്യ വൈഫൈ സൗകര്യവും ലഭ്യമാണ്. 21 മാസം നീളുന്ന നിർബന്ധിത ഇന്റേൺഷിപ്പിനു കൊച്ചി ചാപ്റ്റർ ഓഫീസും തന്നെ പഠിതാക്കളുടെ ആഗ്രഹ പ്രകാരം ഇന്ത്യയിലെ ഏത് സംസ്ഥാനത്തും ട്രെയിനിംഗ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തും. അതിന് ഐ സി എസ് ഐ നിശ്ചയിച്ചിട്ടുള്ള സ്റ്റൈഫന്റും ലഭ്യമാണ്.

പുതിയ കാലത്തിന്റെ രീതികൾ അനുസരിച്ച് വിദ്യാർഥികൾക്കായി ഓൺലൈൻ പഠന സമ്പ്രദായം ഐ സി എസ് ഐ നടപ്പിലാക്കിയിട്ടുണ്ട്. ബിരുദ, ബിരുദധാരികൾക്ക് ഐസിഎസ് ഐയുടെ എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കും. പ്ലസ് ടു പാസായവർക്ക് സി എസ് ഇ ഇ ടി എന്ന എൻട്രൻസ് വഴിയും പ്രവേശനം നേടാം. കൊച്ചി ചാപ്റ്ററിൽ 120 സീറ്റുകളാണുള്ളത്. ഐ സി എസ് ഐയുടെ പൂർവേഷ്യൻ കോൺഫറൻസ് വരുന്ന സെപ്തംബറിൽ അബുദാബിയിൽ നടക്കുമെന്ന് പ്രസിഡൻറ് വി. നരസിംഹൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രാജ്യത്തെ വിവിധ കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കായി ഗുരുശ്രേഷ്ഠ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഐ സി എസ് ഐ യു എ ഇ, യു എസ് എ, യു കെ, സിംഗപ്പൂർ, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ വിദേശ രാജ്യങ്ങളിലായി ഓവർസീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

# അഭിമാനവും ആവേശവുമുയർത്തി 78 ാം സ്വാതന്ത്ര്യദിനാഘോഷം

**തിരുവനന്തപുരം:** അപ്രതീക്ഷിതമായെത്തിയ കനത്തമഴയെ അവഗണിച്ച് സ്വാതന്ത്ര്യത്തിന്റെ അഭിമാനവും ആവേശവും വാനോളമുയർത്തി സായുധസേനകളും സായുധേതര വിഭാഗങ്ങളും താളബദ്ധമായ ചുവടുകളോടെ പരേഡിന് അണിനിരന്നപ്പോൾ 78ാം സ്വാതന്ത്ര്യദിനാഘോഷം പ്രൗഢോജ്ജ്വലമായി. രാവിലെ ഒമ്പതിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. പരേഡിൽ സായുധസേനാ വിഭാഗങ്ങളും സായുധേതര വിഭാഗങ്ങളുമടക്കം 29 പ്ലറ്റൂണുകൾ അണിനിരന്നു.

പാലക്കാട് എ.എസ്.പി അശ്വതി ജിജി സ്വാതന്ത്ര്യദിന പരേഡ് കമാൻഡറായി. മുട്ടികുളങ്ങര കെഎപി ബറ്റാലിയൻ രണ്ടിന്റെ അസി. കമാൻഡന്റ് പ്രമോദ് വി സെക്കൻഡ് ഇൻ കമാൻഡായി. ബാൻഡ് വിഭാഗങ്ങൾ അടക്കം 29 പ്ലറ്റൂണുകൾ പരേഡിൽ അണിനിരന്നു. ഇതിൽ 15 പ്ലറ്റൂണുകൾ സായുധ സേനകളും 11 പ്ലറ്റൂണുകൾ സായുധേതര വിഭാഗങ്ങളുമായിരുന്നു.

മലബാർ സ്പെഷ്യൽ പൊലീസ്, സ്പെഷ്യൽ ആംഡ് പൊലീസ്, കേരള ആംഡ് പൊലീസ് ബറ്റാലിയൻ 1,2, 3, 4, 5, കേരള സായുധ വനിത പൊലീസ് ബറ്റാലിയൻ, ഇൻഡ്യ റിസർവ് ബറ്റാലിയൻ, തമിഴ്നാട് സംസ്ഥാന പൊലീസ്, റാപിഡ് റെസ്പോൺസ് ആന്റ് റെസ്ക്യൂ ഫോഴ്സ്, തിരുവനന്തപുരം സിറ്റി പൊലീസ്, ജയിൽ, എക്സൈസ്, വനം, ഫയർ ആന്റ് റെസ്ക്യു, മോട്ടോർ വെഹിക്കിൾ വകുപ്പുകൾ എന്നിവയും സൈനിക് സ്കൂൾ, എൻസിസി സീനിയർ ഡിവിഷൻ ആർമി ആൺ, പെൺ വിഭാഗങ്ങൾ, എൻസിസി സീനിയർ ഡിവിഷൻ നേവൽ വിഭാഗം, എൻസിസി ജൂനിയർ എയർ വിഭാഗം, സ്റ്റുഡന്റ് പൊലീസ് കേഡറ്റ് ആൺ പെൺ വിഭാഗങ്ങൾ, ഭാരത് സ്കൗട്ട്സ്, ഗൈഡ്സ്, തിരുവനന്തപുരം സിറ്റി പൊലീസ് അശ്വാരൂഢ സേന എന്നീ പ്ലറ്റൂണുകൾ പരേഡിൽ അണിനിരന്നു. ബ്രാസ് ബാൻഡ്, പൈപ്പ് ബാൻഡ് എന്നിവ പരേഡിന് താളമേകി.

രാവിലെ 8.59 ന് എത്തിയ മുഖ്യമന്ത്രിയെ ചീഫ് സെക്രട്ടറി ഡോ. വി വേണുവും സംസ്ഥാന പൊലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബും ചേർന്ന് സ്വീകരിച്ചു.

ദേശീയ പതാക ഉയർത്തിയ ശേഷം മുഖ്യമന്ത്രി അഭിവാദനം സ്വീകരിച്ചു. പതാക ഉയർത്തിയ ഉടനേ ചേതക് ഹെലികോപ്റ്ററിൽ നിന്ന് പുഷ്പവൃഷ്ടി നടന്നു. തുടർന്ന് പരേഡ് കമാൻഡർക്കൊപ്പം മുഖ്യമന്ത്രി പരേഡ് പരിശോധിച്ചു. ശേഷം മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശം നൽകി.







# യൂസർഫീ വാങ്ങുന്ന നടപടി പിൻവലിക്കണം: ലേഡി ബ്യൂട്ടീഷ്യൻസ് അസോസിയേഷൻ

**ആലുവ:** സേവനം നൽകാതെ യൂസർഫീ വാങ്ങുന്ന നടപടി പിൻവലിക്കണമെന്നും ഇല്ലെങ്കിൽ ശക്തമായ സമരപരിപാടികൾ സംഘടിപ്പിക്കുമെന്നും കെ എസ് ബി എ ലേഡി ബ്യൂട്ടീഷ്യൻസ് അസോസിയേഷൻ

ജില്ലാ വാർഷിക ജനറൽ ബോഡി ആവശ്യപ്പെട്ടു. വയനാട്ടിലെ ദുരിത ബാധിതരായ സഹോദരങ്ങളെ സഹായിക്കുന്നതിനായി ഫണ്ട് സമാഹരിക്കുന്നതിനായി സംസ്ഥാനകമ്മറ്റിയുമായി കൈകോർത്തു പ്രവർത്തിക്കുവാനും യോഗം തീരുമാനിച്ചു.ലേഡി ബ്യൂട്ടിഷ്യൻസ്.ജില്ലാ പ്രസിഡണ്ട് നെറിൻ ജോൺസൺ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ലിസി ജോസഫ് യോഗം ഉത്ഘാടനം ചെയ്തു. കെഎസ്ബിഎ സംസ്ഥാന പ്രസിഡന്റ് ശ്രീ ഇ എസ് ഷാജി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി കെ. എൻ അനിൽ ബിശ്വാസ്,ജില്ലാ സെക്രട്ടറി മിനിബേബി, സംസ്ഥാന ഉപാധ്യക്ഷ സാലി ഷിബു, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ കെ എ.ശശി, കെ. ഇ ബഷീർ,പി. എൻ.വേണു

ജില്ലാ വൈസ് പ്രസിഡന്റ് രഞ്ജു രഘു,ജില്ലാ ജോയിന്റ് സെക്രട്ടറി ബിന്ദു സുശീൽ, ജില്ലാ വൈസ് പ്രസിഡന്റ്

ലിൻസി ജിജോ,ജില്ലാ നേതാക്കളായ പി. കെ ബാബു, എം.ജെ. അനു, രഞ്ജു രഘു,,ഹസീന നസീർ, ,രജനി തമ്പി,സിഷ ജോബി, സിമി ബെന്നി തുടങ്ങിയവർ സംസാരിച്ചു.

# മെറ്റൽമാൻ ഓട്ടോ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഓട്ടോമോട്ടീവ്, ഓട്ടോമോട്ടീവ് ഇതര മേഖലകൾക്ക് ഷീറ്റ് മെറ്റൽ, ട്യൂബ് ലാർ ഫാബ്രിക്കേഷൻ തുടങ്ങിയ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന മെറ്റൽമാൻ ഓട്ടോ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.350 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ രണ്ട് രൂപ മുഖവിലയുള്ള 12,636,162 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ആക്സിസ് ക്യാപ്പിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# നേട്ടം കൈവരിച്ച് മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് 2024 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തെ അപേക്ഷിച്ച് 29.08 ശതമാനം വർധനവോടെ 19,631.06 കോടി രൂപയുടെ സംയോജിത വായ്പാ വിതരണ നേട്ടം കൈവരിച്ചി. ആകെ കൈകാര്യംചെയ്യുന്ന ലോൺ ആസ്തികൾ 39,256.92 കോടി രൂപയിലെത്തി. ഈ സാമ്പത്തിക വർഷത്തിൻറെ ഒന്നാം പാദത്തിൽ 303.51 കോടി രൂപയാണ് അറ്റാദായം. 2024 സാമ്പത്തിക വർഷത്തിൻറെ ഒന്നാം പാദത്തെ അപേക്ഷിച്ച് 42.17 ശതമാനം വർധനവാണിതു സൂചിപ്പിക്കുന്നത്.മുത്തൂറ്റ് ഫിൻകോർപിൻറെ മാത്രം വായ്പാ വിതരണം 2024 സാമ്പത്തിക വർഷം ഒന്നാം പാദത്തിലെ 12,573.86 കോടി രൂപയിൽ നിന്നും 37.17 ശതമാനം വർധിച്ച് 17,247.81 കോടി രൂപയിലെത്തിയിട്ടുണ്ട്. അറ്റാദായം 64.72 ശതമാനം വർധിച്ച് 181.17 കോടി രൂപയിലെത്തി. മുൻ വർഷം സമാന ത്രൈമാസത്തിൽ 109.98 കോടി രൂപയായിരുന്നു അറ്റാദായം. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ മുൻ വർഷത്തെ ഒന്നാം പാദത്തെ അപേക്ഷിച്ച് 32 ശതമാനം വർധനവോടെ 24,891.69 കോടി രൂപയിലെത്തി. വരുമാനം 2024 സാമ്പത്തിക വർഷത്തിൻറെ ഒന്നാം ത്രൈമാസത്തിലെ 869.70 കോടി രൂപയിൽ നിന്ന് 43.06 ശതമാനം വർധിച്ച് 1,244.22 കോടി രൂപയിലെത്തി.സാമ്പത്തിക വർഷത്തിൻറെ ഈ പാദം ശക്തമായിരുന്നുവെന്നും ഞങ്ങളുടെ എല്ലാ ബിസിനസുകളിലുമുള്ള വളർച്ച, പ്രധാന ലക്ഷ്യങ്ങളോടുള്ള ഞങ്ങളുടെ തുടർച്ചയായ അർപ്പണബോധത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും മുത്തൂറ്റ് ഫിൻകോർപ്പ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ത്രൈമാസ വായ്പാ വിതരണം ആയിരുന്നു ഇതെന്നും ഈ ആവേശം മുന്നോട്ടു കൊണ്ടു പോകാൻ തങ്ങൾ ശ്രമിക്കുമെന്നും മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.




കൊച്ചിൻ ഐഎംഎ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച സഞ്ചരിക്കുന്ന രക്തബാങ്കിന്റെ ഫ് ളാഗ് ഓഫ് മന്ത്രി പി. രാജീവ് നിർവ്വഹിക്കുന്നു. ഡോ.എം. എം ഹനീഷ്, ഡോ.ജുനൈദ് റഹ്മാൻ, ഡോ. സച്ചിൻ സുരേഷ്, ഡോ.ജോർജ്ജ് തുകലൻ,ഡോ. വി.പി കുര്യെയ്പ്പ്, ഡോ. അതുൽ മാനുവൽ ജോസഫ്, ഡോ. എസ്. ശ്രീനിവാസ കമ്മത്ത്, ഡോ. രമാ മേനോൻ തുടങ്ങിയവർ സമീപം

# കേരളത്തിലെ ആരോഗ്യമേഖല ലോകത്തിന് മാതൃക: മന്ത്രി പി.രാജീവ്

## കൊച്ചിൻ ഐഎംഎ ബ്ലഡ് ബാങ്കിന്റെ സഞ്ചരിക്കുന്ന രക്തബാങ്ക് ഉദ്ഘാടനം ചെയ്തു

**കൊച്ചി:**കേരളത്തിലെ ആരോഗ്യമേഖല ലോകത്തിന് മാതൃകയാണെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. കൊച്ചിൻ ഐഎംഎ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച സഞ്ചരിക്കുന്ന രക്തബാങ്കിന്റെയും ആധുനിക രീതിയിൽ നവീകരിച്ച ഐഎംഎ ബ്ലഡ് ബാങ്ക് കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇവിടെ നിന്നും യൂറോപ്പ് അടക്കമുള്ള വിദേശരാജ്യങ്ങളിലേക്ക് കുടിയേറിയവർ പോലും രോഗം വന്നാൽ ചികിൽസ തേടി എത്തുന്നത് കേരളത്തിലേക്കാണ്.

നിസാര രോഗമാണെങ്കിൽ പോലും വിദേശരാജ്യങ്ങളിൽ ഡോക്ടർമാരെ കാണാൻ മാസങ്ങളോളം കാത്തിരിക്കേണ്ടിവരുമ്പോൾ കേരളത്തിൽ എതു സമയത്തും രോഗികൾക്ക് അവർക്കിഷ്ടമുള്ള ഡോക്ടർമാരെ കണ്ട് ചികിൽസ തേടാൻ സാധിക്കും. ഇത് കേരളത്തിലെ ആരോഗ്യമേഖലയുടെ വിജയമാണെന്നും മന്ത്രി വ്യക്തമാക്കി. സിഎസ്ആർ ഫണ്ടുപയോഗിച്ച് സഞ്ചരിക്കുന്ന രക്തബാങ്ക് സാധ്യമാക്കിയ പോപ്പുലർ വെഹിക്കിൾസിനു വേണ്ടി പ്രോജക്ട്സ് പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ് വൈസ് പ്രസിഡന്റ് സോമി കെ. ചെറുവത്തൂർ, ബ്ലഡ് ബാങ്ക് കെട്ടിടം നവീകരിക്കാൻ നേതൃത്വം നൽകിയ ആർക്കിടെക്റ്റ് ആസിഫ് ജുനൈദ് റഹ്മാൻ, റിസ്വാൻ എന്നിവരെയും ഉപഹാരം നൽകി മന്ത്രി പി രാജീവ് ചടങ്ങിൽ ആദരിച്ചു.

ആധുനിക രീതിയിൽ നവീകരിച്ച പുതിയ നാറ്റ് ലാബിന്റെ ഉദ്ഘാടനം കളക്ടർ എൻ.എസ്.കെ ഉമേഷ് ചടങ്ങിൽ നിർവ്വഹിച്ചു. ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. എം.എം ഹനീഷ് അധ്യക്ഷത വഹിച്ചു. ഐഎംഎ ഹൗസ് ചെയർമാൻ ഡോ. വി.പി കുര്യെയ്പ്പ് മുഖ്യപ്രഭാഷണം നടത്തി. ഐഎംഎ ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ബി.പി.സി.എൽ ജനറൽ മാനേജർ ജോർജ്ജ് തോമസ്, ഐഎംഎ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫിസർ ഡോ. രമാ മേനോൻ, ട്രഷറർ ഡോ. എം. നാരായണൻ, ഐഎംഎ കൊച്ചി സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ് തുടങ്ങിയവർ സംസാരിച്ചു. ഒരേ സമയം മുന്നു പേർക്ക് രക്തം ദാനം ചെയ്യാൻ വിധത്തിലുള്ള സംവിധാനമാണ് സഞ്ചരിക്കുന്ന രക്തബാങ്കിനുള്ളത്. പോപ്പുലർ വെഹിക്കിൾസിന്റെ സിഎസ്ആർ ഫണ്ട് മുഖേന 43 ലക്ഷം രൂപ ചിലവഴിച്ചാണ് സഞ്ചരിക്കുന്ന രക്തബാങ്ക് സജ്ജമാക്കിയിട്ടുള്ളത്.

# വനിതാ ഡോക്ടറുടെ കൊലപാതകം: ഡോക്ടർമാർ ഇന്ന് പണിമുടക്കും

**കൊച്ചി:** കൽക്കട്ട ആർജി കർ മെഡിക്കൽ കോളജിലെ യുവഡോക്ടർ ക്രൂരമായി ബലാൽസംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിലെ പ്രതികളെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ട് രാജ്യവ്യാപകമായി സമരം ചെയ്യുന്ന ഡോക്ടർമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ മുഴുവൻ ആശുപത്രികളിലെയും ഡോക്ടർമാർ ഇന്ന് (ആഗസ്റ്റ് 17, ശനി) രാവിലെ ആറു മുതൽ നാളെ (ആഗസ്റ്റ് 18, ഞായർ ) രാവിലെ ആറു വരെ 24 മണിക്കൂർ പണിമുടക്കും. ആശുപത്രികളിലെ അത്യാഹിത വിഭാഗത്തെ ബാധിക്കാത്ത വിധത്തിലായിരിക്കും ഡോക്ടർമാർ ചികിൽസയിൽ നിന്നും വിട്ടു നിൽക്കുക.

ആക്രമണത്തിൽ പ്രതിഷേധിച്ച് ഇന്ന് (ആഗസ്റ്റ് 17, ശനി) വൈകുന്നേരം ഏഴിന് പന്തകൊളുത്തി പ്രകടനം നടത്തും. കലൂർ ഐഎംഎ ഹൗസിൽ നിന്നും ആരംഭിക്കുന്ന പ്രകടനത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ പങ്കെടുക്കും. രാപ്പകൽ വ്യത്യാസമില്ലാതെ രോഗീപരിചരണം നടത്തുന്ന വനിതകളുടക്കമുള്ള ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും സുരക്ഷ ഉറപ്പാക്കേണ്ടത് രാജ്യത്തെ ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. ആശുപത്രികളും ആരോഗ്യ പ്രവർത്തകരും ആക്രമിക്കപ്പെടുന്ന സംഭവം ദിനംതോറും വ്യാപകമായി വർധിച്ചുവരുകയാണ്. ഇത് തടയാൻ ശക്തമായ കേന്ദ്രനിയമം അനിവാര്യമാണ്. നിലവിൽ നടപ്പിലാക്കിയിരിക്കന്ന ഭാരതീയ ന്യായ സംഹിത (ബിഎൻഎസ്)യിലെ വകുപ്പുകൾ ആരോഗ്യമേഖലയ്ക്ക് സംരക്ഷണം നൽകുന്നതല്ലെന്ന് മാത്രമല്ല പ്രതികൂലമായി ബാധിക്കുന്നതുമാണ്. ഇത് തിരുത്താൻ കേന്ദ്രസർക്കാർ തയ്യാറകണമെന്നും ഡോക്ടർമാർ നടത്തുന്ന സമരത്തിന് പിന്തുണയുമായി സമൂഹം ഒറ്റക്കെട്ടായി രംഗത്തുവരണമെന്നും ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. എം. എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ് എന്നിവർ ആവശ്യപ്പെട്ടു.

## ഐക്യദാർഢ്യവുമായി കെ.ജി.എം.ഒ.എ

**കൊച്ചി:** കൽക്കത്ത ആർജി കർ മെഡിക്കൽ കോളേജിലെ യുവ ഡോക്ടർ അതിക്രൂരമായി കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് ദേശീയ തലത്തിൽ ഇന്ന് നടക്കുന്ന മെഡിക്കൽ സമരത്തിന് ഐക്യദാർഢ്യവുമായി കെ.ജി.എം.ഒ.എ. അത്യാഹിത,അടിയന്തിര സേവനങ്ങളെ ബാധിക്കാത്ത വിധത്തിൽ കെ.ജി.എം.ഒ.എ പ്രതിഷേധത്തിൽ പങ്ക് ചേരും. നിലവിലെ സാഹചര്യം കണക്കിലെടുത്ത് വയനാട് ജില്ലയെ പ്രതിഷേധത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും കെ.ജി.എം.ഒ.എ ഭാരവാഹികളായ ഡോ. ടി.എൻ സുരേഷ്, ഡോ.പി.കെ സുനിൽ എന്നിവർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



## ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് പുതിയ ഔട്ട്ലെറ്റ് തുറന്നു

**തിരുവനന്തപുരം:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കർഷ് എസ്എഫ്ബിഐഎൽ) പത്തനംതിട്ടയിൽ പുതിയ ഔട്ട്ലൈറ്റ് ഉദ്ഘാടനം ചെയ്ത് ബാങ്കിന്റെ സാനിധ്യം വിപുലീകരിച്ചു. പുതിയ ഔട്ട്ലെറ്റ് തുറന്നതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം അഞ്ചായി ഉയർന്നു. രാജ്യത്തുടനീളം 933 ബാങ്കിങ് ഔട്ട്ലെറ്റുകളാണ് ഉത്കർഷ് എസ്എഫ്ബിഐഎലിനുള്ളത്. ഞങ്ങളുടെ ബാങ്കിങ് ശൃംഖല കേരളത്തിൽ വ്യാപിപ്പിക്കുന്നതിൽ ഏറെ സന്തുഷ്ടരാണെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് ബാങ്കിലൂടെ ലഭിക്കും. ഉപഭോക്താക്കളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി, ഭവന വായ്പകൾ, ബിസിനസ് ലോണുകൾ, വസ്തുവിന് മേലുള്ള വായ്പകൾ എന്നിങ്ങനെ വിവിധ വായ്പാ ഉൽപ്പന്നങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നു. ബാങ്കിങ് ഔട്ട്ലെറ്റ് ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ ബാങ്കിങ് ശേഷി, എടിഎം നെറ്റ്വർക്ക് എന്നിവ ഉപയോഗിച്ച് സംയോജിത ഉപഭോക്തൃ സേവനവും ബാങ്ക് വാഗ്ദാനം ചെയ്യുന്നു. ഇതുകൂടാതെ, ഇന്റർനെറ്റ് ബാങ്കിങ്, മൊബൈൽ ബാങ്കിങ്, യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ), കോൾ സെന്റർ എന്നിങ്ങനെ ഒന്നിലധികം മാർഗങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നുണ്ട്. ഡിജി ഓൺ ബോർഡിങ് വഴി ബ്രാഞ്ച് സന്ദർശിക്കാതെ തന്നെ ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള സൗകര്യവും ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് ഉപഭോക്താക്കൾക്ക് ഒരുക്കിയിട്ടുണ്ട്.

## ഫ്രണ്ട്സ് അഡൾട്ട് ഡയപ്പറുകൾ 25 വർഷം പൂർത്തിയാക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ഒന്നാം നമ്പർ അഡൾട്ട് ഡയപ്പർ ബ്രാൻഡായ ഫ്രണ്ട്സ് അഡൾട്ട് ഡയപ്പേഴ്സ്, അവരുടെ സിൽവർ ജൂബിലി വാർഷികത്തോടനുബന്ധിച്ച് അവരുടെ വാർഷിക 'ആസാദി വാരാഘോഷങ്ങൾ' തുടങ്ങി. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് മെഗാ എംആർപി സ്ലാഷ് ഓഫറുമായാണ് ഫ്രണ്ട്സ് അതിന്റെ രജതജൂബിലി വാർഷികം ആഘോഷിക്കുന്നത്. 25ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ആളുകൾക്ക് ഉൽപ്പന്നം കൂടുതൽ ആക്സസ് ചെയ്യുന്നതിനായി,വില പകുതിയോളം കുറച്ചിട്ടുണ്ടെന്ന് ഫ്രണ്ടിന്റെ മാതൃ കമ്പനിയായ നോബൽ ഹൈജീനിലെ മാർക്കറ്റിംഗ് ആൻഡ് കൊമേഴ്സ് വൈസ് പ്രസിഡന്റ് കാർത്തിക് ജോഹാരി പറഞ്ഞു.

## സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു വിപിഎസ് ലേക്ഷോർ



**കൊച്ചി :** കൊച്ചി വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ രാജ്യത്തിൻറെ 78ആമത് സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. ചെയർമാൻ ഡോ. ഷംഷീർ വയലിൽ പതാക ഉയർത്തി. മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള അധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രി ജീവനക്കാരും സന്ദർശകരും പങ്കാളികളായി. എല്ലാവരും ചേർന്ന് ദേശീയഗാനം ആലപിക്കുകയും സല്യൂട്ട് നൽകുകയും ചെയ്തു. തുടർന്ന് ഡോ. ഷംഷീർ വയലിൽ സ്വാതന്ത്ര്യദിന സന്ദേശം നൽകി.

# ആമസോൺ സ്കോളർഷിപ്പ്: പെൺകുട്ടികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ പ്രോഗ്രാം സ്കോളർഷിപ്പ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. എഞ്ചിനിയറിംഗ് പഠനം നടത്തുന്ന വിദ്യാർഥിനികൾക്ക് നാലു വർഷം കൊണ്ട് 200,000 രൂപയുടെ സ്കോളർഷിപ്പ് ലഭിക്കും. എഞ്ചിനിയറിംഗില് കരിയർ തുടരാൻ ഇന്ത്യയിലെ യുവതികളെ ശാക്തീകരിക്കുന്നതിനാണ് സ്കോളർഷിപ്പ് ലക്ഷ്യമിടുന്നത്. കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗിലോ അനുബന്ധ മേഖലകളിലോ ബിരുദ പഠനം നടത്തുന്ന 500 വനിതാ വിദ്യാർത്ഥികൾക്ക് സമഗ്രമായ പിന്തുണ നല്കി ഈ മേഖലയിലെ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുകയാണ് സ്കോളർഷിപ്പ് വഴി ആമസോൺ ലക്ഷ്യമിടുന്നത്.സാമ്പത്തിക സഹായത്തിനപ്പുറം ആമസോൺ ജീവനക്കാരിൽ നിന്നുള്ള മെന്റർഷിപ്പും മാർഗനിർദേശവും ഉൾപ്പെടുന്ന ഒരു സമഗ്ര വികസന പദ്ധതിയാണ് പ്രോഗ്രാം വാഗ്ദാനം ചെയ്യുന്നത്. രണ്ടാം വർഷം വിദ്യാര്ഥികൾക്ക് പ്രായോഗിക പരിശീലനവും വിദ്യാർത്ഥികളെ വ്യവസായ വൈദഗ്ധ്യം നല്കുന്നതിനും വിജയകരമായ കരിയറിന് അവരെ സജ്ജമാക്കുന്നതിനുമായി പത്തുമാസം ദൈർഘ്യമുള്ള ബൂട്ട്ക്യാമ്പും സംഘടിപ്പിക്കും. കഴിവും അവസരവും തമ്മിലുള്ള വിടവ് നികത്തുകയാണ് ആമസോണിന്റെ ലക്ഷ്യമെന്ന് ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ പ്രോഗ്രാമിലെ ഇന്ത്യ ലീഡ് അക്ഷയ് കശ്യപ് പറഞ്ഞു.ഏറ്റവും കഴിവുള്ള വിദ്യാർത്ഥികളെ തിരിച്ചറിയാൻ ആമസോൺ ഫൗണ്ടേഷൻ ഫോർ എക്സലൻസുമായി സഹകരിച്ച് കർശനമായ മൂല്യനിർണ്ണയ പ്രക്രിയ നടത്തും. അക്കാദമിക് മെറിറ്റ്, സാമ്പത്തിക ആവശ്യം, പ്രകടമായ നേതൃത്വ ശേഷി എന്നിവയുടെ സംയോജനത്തെ അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പുകള് നല്കുന്നത്. ഓരോ വിദ്യാർത്ഥിനിക്കും അവരുടെ പഠനങ്ങളും പ്രോജക്റ്റുകളും സുഗമമാക്കുന്നതിന് ലാപ്ടോപ്പ് ലഭ്യമാക്കും.ആമസോണിന്റെയും എഫ്എഫ്ഇയുടെയും പ്രതിനിധികൾ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് ഷോർട്ട് ലിസ്റ്റ് ചെയ്ത വിദ്യാർത്ഥിനികളെ അക്കാദമിക് റെക്കോർഡുകൾ, ഉപന്യാസ രചന, അഭിമുഖങ്ങൾ എന്നിവ ഉൾപ്പെടെ കർശനമായ മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് വിധേയരാക്കും. ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ പ്രോഗ്രാം സ്കോളർഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ഒക്ടോബർ 31ന് അവസാനിക്കും. തിരഞ്ഞെടുത്ത വിദ്യാർത്ഥിനികളെ ജനുവരി 2025നകം പ്രഖ്യാപിക്കും.

## വയനാട് ദുരന്തം: ധനസഹായം പ്രഖ്യാപിച്ച് മണപ്പുറം ഫിനാൻസ്

**കൊച്ചി :** വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതബാധിത മേഖലയുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി നാല് കോടി രൂപ നൽകുമെന്ന് മണപ്പുറം ഫിനാൻസ് അറിയിച്ചു. ഒരു കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകും. കൂടാതെ, മണപ്പുറം ഫിനാൻസിന്റെ സാമൂഹിക പ്രതിബദ്ധത വിഭാഗമായ മണപ്പുറം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ മൂന്ന് കോടി രൂപയുടെ പുനരധിവാസ പദ്ധതിയും നടത്തും. സർക്കാർ ഏജൻസികളുടെ സഹായത്തോടെ, ദുരിതബാധിതരുടെ ആവശ്യാനുസരണം വീടുകളും മറ്റു സൗകര്യങ്ങളും പദ്ധതിയിലൂടെ പൂർത്തീകരിക്കും. 'ഉരുൾപൊട്ടൽ ദുരന്തം ഏറെ നാശം വിതച്ച പുഞ്ചിരിമട്ടം, ചൂരൽമല, മുണ്ടക്കൈ എന്നീ പ്രദേശങ്ങളുടെ വീണ്ടെടുപ്പ് സമൂഹത്തിന്റെ കടമയാണ്. ദുരന്തത്തിൽ ഇരകളായവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനോടൊപ്പം ദുരിതബാധിതരെ ചേർത്തുപിടിക്കുന്ന നടപടികൾക്കും മണപ്പുറം ഫിനാൻസ് തുടക്കമിടുകയാണ്. ' മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാർ പറഞ്ഞു.



## പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു

**ആലുവ:** മുല്ലപെരിയാർ ഏകോപന സമിതി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സ്വതന്ത്ര ദിനത്തിൽ പെരിയാറിന് കുറുകെയുള്ള പാലങ്ങളിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചത്. ആലുവായിൽ നടന്ന പ്രതിഷേധ ധർണ്ണകൾക്ക് ആലുവ പൗരാവകാശ സംഘടനാ നേതൃത്വം നൽകി ആലുവ മാർത്താ ഡ വർമ്മ പാലത്തിൽ നടന്ന ധർണ്ണ പത്മശ്രീ ഡോ :ടോണി ഫെർണാഡസ് ഉദ്ഘാടനം നിർവഹിച്ചു മുല്ല പെരിയാർ ഏകോപന സമിതി ചെയർമാൻ റസ്സൽ ജോയി ജനറൽ കൺവീനർ കെ.എസ് . പ്രകാശ് പൗരാവകാശ സംരക്ഷണ സമിതി പ്രസിഡന്റ് പി കെ മുകുന്ദനൻ ബെക്രട്ടറി സാബു പതിയാരത്ത് ചിന്നൻ .ടി. പൈനാടത്ത് പി എ . ഹംസക്കോയ സാൽവിൻമൂലമ്പിള്ളി ജീവനം നാ സർ എന്നിവർ സംസാരിച്ചു. വിവിധ സംഘടനാ ഭാരവാഹികൾ നാട്ടുകാർ പങ്കെടുത്തു കൂടാതെ മംഗലപ്പുഴ പാലം, ഉളിയന്നൂർ പാലം, മഹിളാലയം പാലം തുരുത്തുപാലം, എന്നിവടങ്ങളിലും ധർണ്ണ സംഘടിപ്പിച്ചിരുന്നു.

## വിയുടെ സ്വാതന്ത്ര്യദിന ആനുകൂല്യങ്ങൾ ആഗസ്റ്റ് 28 വരെ

**കൊച്ചി:** സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് മുൻനിര ടെലികോം സേവനദാതാവായ വി പ്രീ പെയ്ഡ് ഉപഭോക്താക്കൾക്കായി അവതരിപ്പിച്ച ആനുകൂല്യങ്ങൾ ആഗസ്റ്റ് 28 വരെ ലഭിക്കും. അർധവാർഷിക, വാർഷിക പാക്കുകൾക്കായി റീചാർജു ചെയ്യുന്നവർക്കാണ് അധിക ഡാറ്റയും ഒടിടി ആനുകൂല്യങ്ങളും ലഭിക്കുക. പ്രതിദിന പരിധിക്ക് പുറമെ 30 ജിബി മുതൽ 50 ജിബി വരെയാകും അധിക ഡാറ്റ ലഭിക്കുക. അർധ വാർഷിക പാക്കിന് 45 ദിവസവും വാർഷിക പാക്കിന 90 ദിവസവുമായിരിക്കും ഈ അധിക ഡാറ്റയുടെ കാലാവധി. വാർഷിക പാക്കിനോടൊപ്പം ഡിസ്നി ഹോട്ട്സ്റ്റാർ, ആമസോൺ പ്രൈം വീഡിയോ പോലുള്ള ഒടിടികളുടെ ഒരു വർഷ സബ്സ്ക്രിപ്ഷൻ അധിക ചെലവില്ലാതെ ലഭിക്കുകയും ചെയ്യും. വീ ആപ്പ് വഴി 3499 രൂപ, 3699 രൂപ 3799 രൂപ എന്നിവയുടെ വാർഷിക റീചാർജുകൾ നടത്തുന്നവർക്ക് 50 രൂപ, 75 രൂപ, 100 രൂപ എന്നിങ്ങനെയുള്ള ഇളവുകളും ലഭിക്കും. ഇതിനു പുറമെ പ്രമുഖ ബ്രാൻഡുകളിൽ നിന്നുള്ള ഗിഫ്റ്റ് കാർഡുകളും നേടാൻ അവസരമുണ്ട്.

## കൊതുക് പരത്തുന്ന രോഗങ്ങൾ: ഇന്ത്യക്കാർ ആശങ്കയിലാണെന്ന് ഗുഡ്നൈറ്റ് സർവെ

**കൊച്ചി:** കൊതുക് പരത്തുന്ന രോഗങ്ങൾ വർഷം മുഴുവൻ ഉണ്ടാകാമെന്ന് ഭൂരിഭാഗം ഇന്ത്യക്കാരും ആശങ്കപ്പെടുന്നു. കൊതുകു പരത്തുന്ന മലേറിയ, ഡെങ്കു തുടങ്ങിയവ മഴക്കാലത്ത് മാത്രമല്ല വർഷത്തിൽ എപ്പോൾ വെണമെങ്കിലും ഉണ്ടാകാമെന്നും 81 ശതമാനം ഇന്ത്യക്കാരും വിശ്വസിക്കുന്നു. ഗോദ്റേജ് കൺസ്യൂമർ പ്രൊഡക്റ്റ്സിൽ നിന്നുള്ള ഇന്ത്യയിലെ പ്രമുഖ ഹൗസ്ഹോൾഡ് ഇൻസെക്ടിസൈഡ് ബ്രാൻഡായ ഗുഡ്നൈറ്റ് 'ഒരു കൊതുക്, എണ്ണമറ്റ ഭീഷണി' എന്ന പേരിൽ ഇന്ത്യയൊട്ടാകെ നടത്തിയ സർവേയിൽ വെളിപ്പെട്ടതാണ് കൗതുകരമായ ഈ കണ്ടെത്തലുകൾ. മാർക്കറ്റ് റിസേർച്ച് സ്ഥാപനമായ യൂഗവ് ആണ് സർവെ നടത്തിയത്.

വായു ജന്യ രോഗ നിയന്ത്രണ ദേശീയ കേന്ദ്രത്തിൻറെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ വർഷം മാത്രം ഇന്ത്യയിൽ 94000 ഡെങ്കു കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആഗസ്റ്റ് 20ന് ആഗോള കൊതുകു ദിനം വരുമ്പോൾ ഇത് ഒരു ഓർമ്മപ്പെടുത്തലാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്വാതന്ത്ര്യ ദിനത്തിൽ മിർച്ചിയിൽ റേഡിയോ അവതാരകരായി വിയ്യൂർ സെൻട്രൽ ജയിൽ തടവുകാർ

**തൃശൂർ:** സ്വാതന്ത്ര്യ ദിനമായ വ്യാഴാഴ്ച റേഡിയോ മിർച്ചിയുടെ സംപ്രേക്ഷണം ഏറ്റെടുത്ത് തൃശൂർ വിയ്യൂർ സെൻട്രൽ ജയിൽ ആൻഡ് കറക്ഷൻ ഹോമിലെ അന്തേവാസികൾ. തടവുകാർക്ക് അവരുടെ ചിന്തകളും അനുഭവങ്ങളും പങ്കുവയ്ക്കാൻ ഒരു വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ കേരള ജയിൽ & കറക്ഷണൽ സർവീസസ് വകുപ്പിന്റെ സഹകരണത്തോടെയാണ് 'മതിലുകൾക്കപ്പുറം' എന്ന പരിപാടി സംഘടിപ്പിച്ചത്. തിരഞ്ഞെടുത്ത ജയിൽ അന്തേവാസികളാണ് റേഡിയോ ജോക്കികളായി (ആർജെ) രാവിലെ 7 മുതൽ വൈകിട്ട് 7 വരെ നീണ്ടുനിന്ന മുഴുദിന പ്രോഗ്രാമിൽ ഷോകൾ പൂർണമായും അവതരിപ്പിച്ചത്. ജീവപര്യന്തം തടവ് അനുഭവിക്കുന്ന റിജോ ഷോയിൽ വേദനയോട് കൂടി പങ്കുവെച്ച കാര്യം 'എനിക്ക് ജീവിതത്തിൽ നല്ല സുഹൃത്തുക്കൾ ഉണ്ടായിരുന്നെങ്കിൽ, ഞാനും മറ്റ് നിരവധി തടവുകാരും അകത്താകുമായിരുന്നില്ല' എന്നായിരുന്നു.ജീവിതത്തിലെ തെറ്റുകൾ തിരുത്താൻ കലയ്ക്ക് ശക്തിയുണ്ട് എന്നും സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഒരു പുതിയ ലോകത്തേക്ക് നടക്കാൻ ഈ പരിപാടി നിരവധി അന്തേവാസികളെ പ്രേരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് ഡയറക്ടർ ജനറൽ ബൽറാം കുമാർ ഉപാധ്യായ ഇത്തരം പ്രോഗ്രാമുകൾ കൊണ്ടുവരുന്ന മാറ്റങ്ങളെ സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു. ജയിൽ റേഡിയോയായ ഫ്രീഡം മെലഡിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും മിർച്ചി ടീമിന്റെ പരിശീലനത്തിലൂടെ സാധിച്ചു. സ്വാതന്ത്ര്യത്തിന്റെ മൂല്യത്തെക്കുറിച്ച് എല്ലാവരേയും ഓർമ്മിപ്പിക്കുന്ന ഒരു വേദിയായി ഈ പരിപാടി മാറി.




## തെരുവുമക്കൾ സ്വാതന്ത്ര്യദിനം ആഘോഷിച്ചു

**കൊച്ചി:** രാജ്യത്തിന്റെ 78ാം സ്വാതന്ത്ര്യ ദിനം കൊച്ചി നഗരത്തിന്റെ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവരും ഫേസിൽ ഭക്ഷണം തേടി എത്തുന്നവരും ചേർന്ന് ആഘോഷിച്ചു. എറണാകുളം. ഗാന്ധിനഗറിലെ ഫേസ് ഫൗണ്ടേഷൻ ആസ്ഥാനത്ത് നടന്ന ആഘോഷപരിപാടിയിൽ ഫേസ് പ്രസിഡന്റ് ടി.ആർ ദേവൻ ദേശീയ പതാക ഉയർത്തി, തെരുവുമക്കളുടെ പ്രതിനിധി ജോസഫ് സേവ്യർ ദേശീയ ഗാനം ആലപിച്ചു. നൂറ് കണക്കിന് സാധുക്കൾക്ക് പ്രഭാത ഭക്ഷണവും മധുരവും നൽകി. ദയ ,ഫേസ് ജനറൽ മാനേജർ റ്റിന്റുമോൾ പ്രദീപ്, മെറ്റി ജേക്കബ് സംസാരിച്ചു.

# കോളജ് വിദ്യാർഥികളുമായി സംവദിച്ചു

**എടത്തല :** 'ജനാധിപത്യപരവും ശാസ്ത്രീയവും മതേതരവുമായ വിദ്യാഭ്യാസത്തിന്റെ മൂല്യം' എന്ന വിഷയത്തിൽ ആന്ധ്രപ്രദേശ് ഗവൺമെന്റ് മുൻ കമ്മ്യൂണിക്കേഷൻ അഡൈ്വസർ ഡോ. പരകാല പ്രഭാകർ കോളേജിലെ വിദ്യാർത്ഥികളുമായി സംവദിച്ചു. 'കോഫി വിത്ത് സ്കോളർ ചാപ്റ്റർ ഒന്ന്' എന്ന പരിപാടിയിൽ പങ്കെടുക്കാനെത്തിയതായിരുന്നു അദ്ദേഹം. കോളേജിലെ റിസർച്ച് പ്രമോഷൻ കൗൺസിലിന്റെയും ഐ.ക്യു.എ.സിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, മാനേജർ ഡോ. ജുനൈദ് റഹ്മാൻ, ഐ.ക്യു.എ.സി കോഡിനേറ്റർ ഡോ. ലീന വർഗീസ്, റിസർച്ച് പ്രമോഷൻ കൗൺസിൽ കോഡിനേറ്റർ ഡോ. സജിൻ പി ജെ തുടങ്ങിയവർ പങ്കെടുത്തു.

## സ്വാതന്ത്ര്യദിനമാഘോഷിച്ചു

**ആലുവ:** ആലുവയിൽ കോടതികളുടെ ആഭിമുഖ്യത്തിൽ 78 മാത് സ്വാതന്ത്ര്യദിനമാഘോഷിച്ചു. ബാർ അസോസിയേഷൻ പ്രസിഡണ്ട് അഡ്വ.പി.എൻ. ഉണ്ണികൃഷ്ണൻ പതാക ഉയർത്തി. പോക്സോ ഫാസ്റ്റ് ട്രാക്ക് സ് സ്പെഷ്യൽ കോടതി ജഡ്ജ് ഷിബു ഡാനിയേൽ സ്വാതന്ത്ര്യദിന സന്ദേശം നൽകി. ജുഡിഷ്യൽ ആഫിസറന്മാരായ ലതികാ മോഹൻ, പ്രിയങ്കാ പോൾ എന്നിവരും അഭിഭാഷകരും അഭിഭാഷകക്ലാർക്ക് മാരും കോടതി ജീവനക്കാരു പങ്കെടുത്തു.



# സ്വാതന്ത്ര്യദിനാഘോഷം നടത്തി

**ആലുവ:** ചാലക്കുടി എം.പി ബെന്നി ബഹനാന്റെ ഓഫീസിൽ സ്വാതന്ത്രദിനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ബെന്നി ബഹനാൻ എംപി ദേശീയ പതാക ഉയർത്തി. അങ്കമാലി എംഎൽഎ റോജി എം ജോൺ

സ്വാതന്ത്ര്യദിന സന്ദേശം നൽകി. മുൻ എംഎൽഎ പി.ജെ. ജോയി, അങ്കമാലി മുനിസിപ്പൽ ചെയർമാൻ മാത്യു തോമസ്, വൈസ് ചെയർപേഴ്സൺസിനി മനോജ്, ഗടടജഅ സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.വി. മുരളി, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ആന്റു മാവേലി, അങ്കമാലി ഗ്രേറ്റർ റോട്ടറി ക്ലബ് പ്രസിഡണ്ട് ബെഞ്ചി പാലാട്ടി, കൗൺസിലർ ജാൻസി അരീക്കൽ, ഡിസിസി സെക്രട്ടറി പി.വി. സജീവൻ തുടങ്ങിയവർ പ്രസംഗിച്ചു



**വയനാട് ദുരന്ത പുനരധിവാസത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനയായി അഞ്ച് ലക്ഷം രൂപ സൗത്ത് ഇന്ത്യൻ ബാങ്ക് ഓഫീസേർസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ആർ പ്രവീൺ മുഖ്യമന്ത്രിക്ക് കൈമാറുന്നു**

